Uncorrected/Not for publication
09-10-2025

**ശ്രദ്ധക്ഷണിക്കൽ**

(1) വേമ്പനാട് കായലിൽ ഹൗസ് ബോട്ടുകൾ ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

ശ്രീ. തോമസ് കെ. തോമസ്: സർ, എന്റെ പ്രദേശമായ ആലപ്പുഴ ജില്ലയുടെ സ്വത്താണ് വേമ്പനാട് കായൽ. കുട്ടനാട്ടുകാരായ ഞങ്ങൾ ഈ കായലിൽനിന്നും മത്സ്യം പിടിച്ചും കൃഷി ചെയ്തും ടൂറിസം മേഖലയിലൂടെയുമാണ് ജീവിക്കുന്നത്. ശുദ്ധമായ തെങ്ങിൻകള്ളും കുട്ടനാടൻ വിഭവങ്ങളായ കായൽ കൊഞ്ച്, കായൽ കരിമീൻ എന്നിവയും ലഭ്യമാക്കുന്നതിലൂടെ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധിക്കുന്നു. ഇന്ന് വേമ്പനാട് കായലിന്റെ അവസ്ഥ വളരെ ശോചനീയമാണ്. ഈ സാഹചര്യത്തിൽ വേമ്പനാട് കായലിനെ ടൂറിസം ഹബ്ബാക്കി മാറ്റാനും വിദേശ ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ളവരുടെ വരവ് കൂടുതലായി ആകർഷിക്കാനും പ്രധാന പങ്ക് വഹിക്കുന്നത് ഹൗസ് ബോട്ടുകളും ശിക്കാരി വള്ളങ്ങളും കായൽ ടൂറിസവുമാണ്. വേമ്പനാട് കായലിന് താങ്ങാവുന്നതിലുമധികം ഹൗസ് ബോട്ടുകൾ ഇപ്പോൾ തലങ്ങും വിലങ്ങും ഓടിക്കൊണ്ടിരിക്കുന്നു. ആലപ്പുഴയുടെ പോർട്ട് അതോറിറ്റിയിൽനിന്ന്

ലഭ്യമായ വിവരമനുസരിച്ച്, രജിസ്റ്റർ ചെയ്തിട്ടുള്ള ഹൗസ് ബോട്ടുകളുടെ എണ്ണം 400-നും 500-നും ഇടയിലാണ്. പക്ഷെ വേമ്പനാട് കായലിൽ 950-ലധികം ഹൗസ് ബോട്ടുകൾ ഓടുന്നുണ്ടെന്നാണ് അനൗദ്യോഗികമായ കണക്ക്. ഹൗസ് ബോട്ടിന്റെ പ്രവർത്തനം ടൂറിസത്തിന്റെ വളർച്ചയ്ക്ക് നല്ലതാണ്. ഒരു ഹൗസ് ബോട്ടിൽ നാലും അഞ്ചും ജോലിക്കാരാണുള്ളത്. ഹൗസ് ബോട്ടുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച്, അവ കായലിൽ ഓടുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ട ചുമതല ആർക്കാണെന്നും അത് ഏതൊക്കെ രീതിയിൽ ഒരുക്കണമെന്നും ടൂറിസം വകുപ്പും ബന്ധപ്പെട്ട മറ്റ് വകുപ്പുകളും അടിയന്തരമായി ശ്രദ്ധിക്കേണ്ടതുണ്ട്. കഴിഞ്ഞ ദിവസം ആലപ്പുഴയിലെ കേരള ഹൗസ് ബോട്ട് ഓണേഴ്സ് ഫെഡറേഷൻ എന്ന സംഘടനയുടെ ഭാരവാഹികളും കൈനകരി പഞ്ചായത്തും ചേർന്ന് ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉദ്ഘാടനം ചെയ്യാൻ എന്നെ ക്ഷണിച്ചിരുന്നു. അത് ഏറ്റവും നല്ല രീതിയിൽ ചെയ്യാനും സാധിച്ചു. നല്ലൊരു ജനാവലി അവിടെ ഉണ്ടായിരുന്നു. വേമ്പനാട് കായലിനെ സംബന്ധിച്ച് അവിടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് അനിവാര്യമാണ്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഇല്ലാത്തതിനാൽ കായൽ

മലിനമായിക്കൊണ്ടിരിക്കുകയാണ്. അവിടെ എം.ബി.ബി.ആർ. (മൂവിങ് ബെഡ് ബയോഫിലിം റിയാക്ടർ) ഉപയോഗിച്ച് ഒരു സംവിധാനം ഒരുക്കിക്കൊണ്ട് ഈ ജനവരി മാസത്തിൽ ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് സജ്ജീകരിച്ചിരിക്കുകയാണ്. ഈ രീതിയിൽ പത്ത് ട്രീറ്റ്മെന്റ് പ്ലാന്റുകളെങ്കിലും വേമ്പനാട് കായലിൽ സ്ഥാപിക്കാനാവശ്യമായിട്ടുള്ള നടപടികളുണ്ടാകണം. ആലപ്പുഴയിൽനിന്നും കൊച്ചിയിലേക്ക് 50 മീറ്റർ വിസ്തൃതിയിൽ ഒരു കപ്പൽ ചാനൽ അടിയന്തരമായി നിർമ്മിക്കേണ്ടതുണ്ട്. അതില്ലാത്തതിനാൽ വെള്ളമൊഴുക്ക് ഒരു രീതിയിലും നടക്കുന്നില്ല. പല സ്ഥലങ്ങളും ഉയർന്ന് നിൽക്കുന്നതുകൊണ്ട് കടലിലേക്ക് വെള്ളം പോകുന്നതിന്.......

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്...... വിഷയത്തിലേക്ക് വരൂ.

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാനൊന്ന് പറഞ്ഞ് തീർക്കട്ടെ. ഈ സമയത്ത് പറഞ്ഞില്ലെങ്കിൽ ഒന്നും നടക്കില്ല. കായൽ പരപ്പുകളിലെ പ്ലാസ്റ്റിക്കുകൾ നീക്കം ചെയ്യുന്ന കുട്ടനാട് കൈനകരിയിലെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് കൂടുതൽ പ്രയോജനവും ശക്തിയും നൽകാനാവശ്യമായിട്ടുള്ള എല്ലാ സംവിധാനവും ഒരുക്കണമെന്നാണ്

എനിക്ക് പറയാനുള്ളത്. ആവശ്യമായ സാമ്പത്തിക സഹായം നൽകി, ഹരിതകർമ്മ സേനയെയും മറ്റ് സന്നദ്ധ സംഘടനകളെയും ഉപയോഗിച്ച് പ്ലാസ്റ്റിക് മാലിന്യവും പോളയും നീക്കംചെയ്ത് വേമ്പനാട് കായലിനെ നല്ല രീതിയിൽ കൊണ്ടുവരാനുള്ള സംവിധാനമൊരുക്കണമെന്നാണ് ഈ സമയത്ത് എനിക്ക് പ്രത്യേകമായി അഭ്യർത്ഥിക്കാനുള്ളത്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റില്ലെങ്കിൽ വേമ്പനാട് കായൽ നശിച്ചുപോകും. അതിനാൽ അടിയന്തരമായി കായലിന്റെ ആഴം കൂട്ടുകയും അവിടെ പത്ത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ സംവിധാനമൊരുക്കാൻ സർക്കാർ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്യണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്. .....(ബഹളം).....

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സർ, ബഹുമാന്യനായ അംഗം വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് സഭയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവന്നിരിക്കുന്നത്. കേരള ടൂറിസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആകർഷണങ്ങളിലൊന്നാണ് ബാക്ക്വാട്ടർ ടൂറിസം. വിദേശ, ആഭ്യന്തര വിനോദ സഞ്ചാരികളെ

ഒരുപോലെ ആകർഷിക്കുന്നതാണ് കേരളത്തിലെ ജല ടൂറിസവും ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള ടൂറിസം ഉൽപന്നങ്ങളും. എല്ലാ മേഖലകളിലും സുസ്ഥിര ടൂറിസം വികസനം സാധ്യമാക്കുകയെന്നതാണ് സർക്കാരിന്റെ നയം. അതിന് കാരിയിങ് കപ്പാസിറ്റി വളരെ പ്രധാനപ്പെട്ടതാണ്. സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് 2013-ൽ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം, നിലവിൽ കായലിന്റെ കാരിയിങ് കപ്പാസിറ്റിയേക്കാൾ അധികം ബോട്ടുകളുണ്ടെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. ഹൗസ് ബോട്ടുകളുടെ രജിസ്ട്രേഷൻ നിർവഹിക്കുന്നത് തുറമുഖ വകുപ്പ് മുഖേനയാണ്. വേമ്പനാട് കായലിൽ ഹൗസ് ബോട്ടുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്നിരുന്നു. .....(ബഹളം)..... നിലവിൽ വേമ്പനാട് കായലിന്റെ കാരിയിങ് കപ്പാസിറ്റി അനുസരിച്ച് പ്രസ്തുത കായലിൽ ഉൾക്കൊള്ളുന്ന യാനങ്ങളുടെ അപ്പർ ലിമിറ്റ് കണ്ടെത്തി അതിനനുസരിച്ച് പുതിയ വെസ്സലുകൾക്ക് രജിസ്ട്രേഷൻ നൽകാം എന്ന അഭിപ്രായമാണ് അന്ന് ഉയർന്നുവന്നത്. എന്നാൽ ഈ വിഷയങ്ങൾ നിലവിൽ കോടതിയുടെ പരിഗണനയിലായതിനാൽ അവിടെ തുറമുഖ

വകുപ്പിന് കാരിയിങ് കപ്പാസിറ്റി പഠനം സാധ്യമായിട്ടില്ല. ഹൗസ് ബോട്ടുകളിൽനിന്നുള്ള മാലിന്യ നിർമാർജനത്തിന് യോജിച്ച പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. പുതിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്കുള്ള (എസ്.ടി.പി.) പദ്ധതി നിർദേശം ടൂറിസം വകുപ്പ് പരിശോധിക്കുകയാണ്. നിലവിൽ കുമരകം എസ്.ടി.പി.-യെയും കാക്കനാട് ഇൻഫോപാർക്കിന്റെ എസ്.ടി.പി.-യെയുമാണ് ആശ്രയിക്കുന്നത്. കോട്ടയം ഡി.ടി.പി.സി. (ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ)-യിൽ സ്വീവേജ് ബാർജ് സംവിധാനമുണ്ട്. ആലപ്പുഴയിൽ ബാർജ് വാങ്ങുന്നതിന് 97,29,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഗാർഹികതലത്തിൽ സെപ്റ്റിക് ടാങ്ക് മാലിന്യം നിർമാർജനം ചെയ്യാൻ ആലപ്പുഴ മുനിസിപ്പാലിറ്റി മുൻകൈയെടുത്ത് വാങ്ങിയ രണ്ട് മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകൾ ഹൗസ് ബോട്ടുകളിൽനിന്നുള്ള ശുചിമുറി മാലിന്യ സംസ്കരണത്തിനുകൂടി ഉപയോഗിക്കാൻ സാധിക്കുമെന്ന് മുനിസിപ്പാലിറ്റി അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യം പരമാവധി ഒഴിവാക്കുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്നതിനും ബോട്ടുകളിൽത്തന്നെ കുടിവെള്ളം, ഭക്ഷണം എന്നിവ ക്രമീകരിക്കുന്നതിനും ബോട്ട് ഉടമകൾക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്.

.....(ബഹളം)..... പ്രകൃതി സൗഹൃദ പെരുമാറ്റച്ചട്ടം തയ്യാറാക്കി എല്ലാ ഹൗസ് ബോട്ട് ഉടമകളുടെ സംഘടനകൾക്കും നൽകിയിട്ടുണ്ട്. ഹൗസ് ബോട്ടുകളിലെ ഖര മാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ തരംതിരിച്ച് ശേഖരിക്കുന്നതിനായി നാല് നിറങ്ങളിലുള്ള കളക്ഷൻ ബാസ്കറ്റുകൾ ബോട്ടുകളിൽ സ്ഥാപിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. ഇങ്ങനെ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ ഹൗസ് ബോട്ട് ഉടമകളുടെ സംഘടനകൾ മുഖാന്തരം കോർപ്പറേഷനും മുനിസിപ്പാലിറ്റിക്കും പഞ്ചായത്തുകൾക്കും കൈമാറുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് എല്ലാ ഹൗസ് ബോട്ടുകളിലും ബയോ ടാങ്കുകൾ ഫിറ്റ് ചെയ്യണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ ബയോ ടാങ്കുകളുള്ള ഹൗസ് ബോട്ടുകൾക്കാണ് പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് നൽകുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റുള്ള ഹൗസ് ബോട്ടുകൾക്ക് മാത്രമെ സർവേ ഫിറ്റനസ് സർട്ടിഫിക്കറ്റ് അനുവദിക്കുകയുള്ളൂ. ഈ രീതിയിൽ കായൽ ടൂറിസത്തെ ആകർഷകമായി നിലനിർത്താനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. .....(ബഹളം).....

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, പ്രതിപക്ഷ ബഹളം കാരണം

ഒന്നും പറയാൻ കഴിയുന്നില്ല എന്നതാണ് പ്രധാനപ്പെട്ട വിഷയം. അടിയന്തരമായി കപ്പൽ ചാനൽ നിർമ്മിക്കാനും അതോടൊപ്പം ..... (ബഹളം).....

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... (ബഹളം....) സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ട് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സഭ അല്പസമയത്തേക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 10.07-ന് സഭ താൽക്കാലികമായി നിർത്തിവച്ചു.)